# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4096 | 27.06.2012-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും വേതന വിതരണവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയതായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ താമസസൗകര്യത്തിനായി റസിഡൻസ് സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. BoT അടിസ്ഥാനത്തിൽ തൊഴിലുടമ/കോൺട്രാക്ടറുടെ സഹകരണത്തോടുകൂടി ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ വേതനം ബാങ്കുകൾ വഴി മാത്രം വിതരണം ചെയ്യാവുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തി മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |
| (സി) അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ? | (സി) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പ്രക്രിയ പുരോഗമിച്ചു വരുന്നു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കിയ 'കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി' വഴി അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു. നിലവിൽ 27277 പേരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ